പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2241 — 11.02.2020-ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടറുകൾ മൂലമുള്ള അപകടങ്ങൾ


ചോദ്യം

**ശ്രീ.കെ.ഡി. പ്രസേനൻ**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.യു. ആർ. പ്രദീപ്**
**ശ്രീ.എൻ. വിജയൻ പിള്ള**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**


(എ) സംസ്ഥാനത്ത് പാചക വാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ചോർച്ച സംഭവിച്ചും അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ ;

(സി) ഗ്യാസ് സിലിണ്ടറുകളിൽ അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് കൃത്യമായ അവബോധം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(എ), (ബി) & (സി) സംസ്ഥാനത്ത് ഇത്തരം അപകടങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എണ്ണക്കമ്പനികളാണ് ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷ പരിശോധിച്ച് ഉറപ്പുവരുത്തുന്നത്. എണ്ണക്കമ്പനികളുടെ സാങ്കേതിക വൈദഗ്ധ്യമുള്ള ടെക്നീഷ്യന്മാർ നിലവിലുള്ള സുരക്ഷാമാനദണ്ഡങ്ങൾ സിലിണ്ടറുകൾ പാലിക്കുന്നുണ്ടോയെന്ന് ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് ഗ്യാസ് നിറയ്ക്കുന്നതിന് മുൻപും ശേഷവും ഉറപ്പുവരുത്തുന്നതു കൂടാതെ സിലിണ്ടറുകൾ ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കൾ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള റെഗുലർ സേഫ്റ്റി ക്ലിനിക്കുകളും മാൻഡേറ്ററി ഇൻസ്പെക്ഷനുകളും നടത്താറുണ്ട് എന്നും സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള ബ്രോഷറുകളും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ട് എന്നും എല്ലാ എണ്ണക്കമ്പനികളുടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി കാൾ സെന്ററുകൾ നിലവിലുണ്ട് എന്നും ഇവ കൂടാതെ അത്യാവശ്യ സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്മാരുടെയും കാര്യാലയങ്ങളുടെയും നമ്പരുകൾ എല്ലാ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. എങ്കിലും സിലിണ്ടറുകൾ തീയുമായി നേരിട്ട് സമ്പർക്കം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടങ്ങൾ ഉണ്ടാകാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ പാചകവാതകത്തിന് അനിയന്ത്രിതമായ വില വർദ്ധിപ്പിക്കുന്നതു മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

(ഡി) പാചക വാതകത്തിന്റെ വില തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന എണ്ണക്കമ്പനികളാണ്. ടി വിഷയത്തിൽ സംസ്ഥാന സർക്കാരിന് നയപരമായ ഇടപെടലുകൾ നടത്താൻ കഴിയുകയില്ല. പാചകവാതക വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളുടെ ഏറിയ പങ്കും സബ്സിഡി മുഖേന ക്രമീകരിക്കപ്പെടുന്നതു കൊണ്ട് ഉപഭോക്താക്കളെ വിലക്കയറ്റം അത്രകണ്ട് ബാധിക്കുന്നില്ല എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**